


# Govt. Technical High School

## Kodungallur, Thrissur

# GOVT.TECHNICAL HIGH SCHOOL

## Kodungallur

**Email:thskodungallur@gmail.com**



## ആശംസ

ഒരാളുടെ ജീവിതത്തിലെ സഫലമാകുന്ന വളർച്ചയോടു ബന്ധപ്പെട്ടു കിടക്കുന്ന പ്രധാനഘടകമാണ് ആ വ്യക്തി അതാത് സന്ദർഭങ്ങളിൽ കണ്ടെത്തുകയും പരിഗണിക്കുകയും ചെയ്യുന്ന മുൻഗണനകൾ .നമ്മുടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഡിജിറ്റൽ രംഗത്തേക്കുള്ള ഈ കാൽവെയ്പ്പ്ഈ വിദ്യാലയത്തിന്റെ പ്രയാണത്തിൽ മികവുറ്റ മുൻഗണനകൾ സൃഷ്ടിക്കുന്നതിനും പിന്തുടരുന്നതിനും നേർവെളിച്ചമാകട്ടെ എന്ന് ആശംസിക്കുന്നു.



**ശ്രീ . സാബു. കെ. ജി**

**സൂപ്രണ്ട്**

വാക്കുകളിലൂടെ.....

"ഓരോ കാലഘട്ടത്തിലും കണ്ടുപിടുത്തങ്ങളുടേയും കണ്ടു പിടിക്കാൻ കിടക്കുന്നതിന്റെയും അടിസ്ഥാനത്തിൽ നമുക്കിടയിൽ വിദ്യാഭ്യാസം വളർന്നു പന്തലിക്കുകയാണ്. പഴയ കാലഘട്ടത്തെ അപേക്ഷിച്ച് നമ്മുടെ ഈ കാലഘട്ടത്തിൽ വിദ്യാഭ്യാസം വളരെ വലിയ പങ്ക് വഹിക്കുന്നുണ്ട്. പണ്ടത്തെ കാലഘട്ടത്തിൽ താളിയോലകളിലും പനയോലകളിലും  എഴുതിയിരുന്നപ്പോൾ ഇപ്പോഴത്തെ കാലത്ത് ഡിജിറ്റലായി ഫോണുകളിലും കമ്പ്യൂട്ടറുകളിലും ടൈപ്പ് ചെയ്യുന്നു . എന്ന് പറഞ്ഞാൽ വിദ്യഭ്യാസം ഒരു തടാകം പോലെ ഒഴുകാതെയല്ല, മറിച്ച് ഒരു നദി പോലെ ഒഴുകി കൊണ്ടിരിക്കുന്നു.

ഓരോ കാലത്തും ഓരോ വിദ്യാർത്ഥികളുടെയും കഴിവുകളും അഭിപ്രായങ്ങളും അഭിരുചികളും എല്ലാം പലതാണ്. ആ കഴിവുകളെ അവൻ അല്ലെങ്കിൽ അവൾ

പുറത്ത് കാണിക്കുക എന്നത് ആ വിദ്യാർത്ഥിയുടെ മറ്റൊരു കഴിവാണ്. ഈ കഴിവുകളെ യാഥാർത്ഥ്യമായി ഉപയോഗിക്കുന്നവനാണ് ജീവിതത്തിൽ വിജയം വരിക്കുന്നത്.

ഭാവി തലമുറ പുതുതായി വന്നതും വരുന്നതുമായ സാങ്കേതിക വിദ്യാഭ്യാസത്തിൽ വിജയം കൈവരിക്കട്ടെ'

-എഡിറ്റർ

# വർണ്ണച്ചെപ്പിനു പിന്നിൽ......

-

## EDITOR

മുഹമ്മദ്ഫാഹിം

## SUB EDITORS

അബ്ദുള്ള ജഹാൻ

നവിൻ രാജ്

## EDITORIAL CO- ORDINATORS

അമാൻ അഷ്റഫ്

ഫറാസ് കെ.ഐ

ആഷ്ലിൻ അലൻ

അഞ്ജന കെ.എസ്

ഫിദ ജഹാൻ

സൽമാനുൽ ഫാരിസ്

അമൻ ബാബു

***kite master : Vijayakumar.V.G***
***kite mistress : Bindu.P.D***

# വർണ്ണച്ചെപ്പിലൂടെ...........


വിശപ്പ്..............................08

സ്നേഹം............................13

ഫുൾ എ പ്ലസ്..................14

വക്കീൽ കാക്ക.................18

അറ്റ്ലാന്റാ.........................19

അച്ഛൻ.............................24

നൈപുണ്യവികസനം

പഠനത്തോടൊപ്പം...........26

പ്രളയം വരയിലൂടെ...........29

കിണറ്റിൻകരയിലെ

സല്ലാപം...........................30

നന്ദി.................................32

# വിശപ്പ്

ശക്തിയോടെ,മൂർച്ചയോടെപെയ്യുന്ന മഴ, ഏകദേശം തിണ്ണയോളം വെള്ളം കയറാനായിട്ടുണ്ട്. സ്കൂളിന്റെ ഉള്ളിൽ നിന്നും, "കലപില" ശബ്ദങ്ങളും ദീനരോദനങ്ങളും കേൾക്കാൻ സാധിതക്കുന്നുണ്ട്.ആ രോദനത്തിന്റെ ശബ്ദം മഴയുടെ കാഠിന്യത നശിപ്പിക്കുന്നതായി തോന്നി.ആ രോദനം മറ്റാരുടെയും ആയിരുന്നില്ല! ശക്തമായ മഴമൂലം വീടുകളും കുടിലുകളും നഷ്ടപെട്ട് സ്കൂളിലെ ക്യാമ്പിൽ കഴിയുന്ന



പാവം ജനങ്ങളുടേതായിരുന്നു. മഴവെള്ളം കേറുന്നതുകണ്ട്, അത് അവരെ ഒട്ടാകെ വിഴുങ്ങികളയുമോ എന്ന ഭീതിയിൽ നിന്നുതിർന്നതാണ് ആ ദീനരോദനങ്ങൾ. ഏവർക്കും ഉള്ള ഭക്ഷണം വള്ളത്തിലേറ്റി കിറ്റുകളാക്കി കൊണ്ടുവരുന്നുണ്ട്. ഭക്ഷണം എത്തിയപ്പോഴേക്കും പട്ടിണികിടക്കുന്ന പട്ടികളെപോലെ അടികൂടിയും തമ്മിൽ തർക്കിച്ചും ഭക്ഷണ പൊതികൾ ഒന്നൊന്നായി എടുത്ത് കൊണ്ട് പോകുന്നു.

എന്നാൽ ഇവരിൽ നിന്നെല്ലാം വ്യത്യസ്തനായ ഒരു മനുഷ്യൻ സാവധാനം നടന്നുവന്ന് ഭക്ഷണം കൊണ്ട് വന്ന ആളോട് ചോദിച്ചു – "സഹോദരാ, ഒരു പൊതി ഭക്ഷണം എനിക്കും നൽകുമോ?" ഇതു കേട്ട ആൾ വിഷമത്തോടെ അദ്ദേഹത്തെ അറിയിച്ചു. "അയ്യോ ചേട്ടാ ,ഭക്ഷണ പൊതി കഴിഞ്ഞല്ലോ, ചേട്ടൻ ഒരു കാര്യം ചെയ്യുക, ചില ആളുകൾ കൂടുതൽ ഭക്ഷണപൊതികൾ എടുത്തിട്ടുണ്ട്. അവരോട് ഒന്ന് ആവിശ്യപെട്ട് നോക്കൂ...." ഇത് കേട്ട അയാൾ മെല്ലെ മറ്റുള്ള ക്യാമ്പിലെ

അംഗങ്ങളുടെ അടുത്തേക്ക് നടന്നു. അവരോടെല്ലാം ഭക്ഷണം ആവിശ്യപ്പെട്ടു. പക്ഷെ അവരാരും ഭക്ഷണം നൽകാൻ തയ്യാറായില്ല. ഇതു കേട്ട് മെല്ലെ അദ്ദേഹം നടന്ന് വരാന്തയിൽ ചെന്നിരുന്നു. തന്റെ കഴിഞ്ഞുപോയ കാലം അവന്റെ മനസ്സിലൂടെ കടന്നു പോയി.

ആ നാട്ടിലെ ഏറ്റവും വലിയ ധനികനായിരുന്നു അദ്ദേഹം. രാഹുൽ എന്നായിരുന്നു. ഒരു മകളും പിന്നെ ഭാര്യയും അടങ്ങുന്നതായിരുന്നു അദ്ദേഹത്തിന്റെ കുടുംബം വളരെ

സന്തോഷ പൂർവ്വവും,ആർഭാട പൂർവ്വവും ആയിരുന്നു അവരുടെ ജീവിതം. ഒരു നാൾ രാഹുൽ ബിസിനസ് യാത്രയ്ക്കായി ഡൽഹിയിൽ പോയി. തന്റെ കൂട്ടുകാരനെ അവിടെ യാദൃശ്ചികമായി കണ്ട അയാൾ അവനെ സൽക്കരിക്കുന്നതിനായി ഒരു ഫൈവ് സ്റ്റാർ ഹോട്ടലിൽ കയറി.വെയിറ്ററെ വിളിച്ച് ആവശ്യത്തിലധികം ഭക്ഷണ വസ്തുക്കൾ ഓർഡർ ചെയ്തു,സൽക്കരിച്ചതിനു ശേഷം ബില്ലടയ്ക്കുന്നതിനായി വെയിറ്ററെ വിളിപ്പിച്ചപ്പോൾ,ധാരാളം ഭക്ഷണവസ്തുക്കൾ ബാക്കിവന്നത് കണ്ടപ്പോൾ അദ്ദേഹത്തോട് സൗമ്യത്തോടെ പറഞ്ഞു:“സർ എന്തിനാ ഇത്രയും ഭക്ഷണം ഓർഡർ ചെയ്തത്.എല്ലാം ഇപ്പോൾ ബാക്കിയായില്ലേ.നമ്മുടെ നാട്ടിൽ എത്രയോ പട്ടിണിക്കാരുണ്ട്.അവർക്കും കൂടി അവകാശപ്പെട്ടതല്ലേ ഇത്”.ഇത് കേട്ട് പണമുണ്ടെന്ന അതിയായ അഹങ്കാരത്തിൽപ്പെട്ട രാഹുൽ ഉടനെ കോപിതനായി.ദേഷ്യത്തോടെ അവൻ വെയിറ്ററോട്

തട്ടിക്കയറി:"താൻ ആരാടോ.ഇത് ഞാൻ കാശ് കൊടുത്ത് വാങ്ങിയ ഭക്ഷണമാണ് ഇത് എന്തു ചെയ്യണമെന്ന് ഞാൻ തീരുമാനിച്ചോളാം.താനെങ്ങാനം ഇനി എന്തെങ്കിലും മിണ്ടിയാൽ തന്നെപുറത്താക്കാൻ ഞാൻ മാനേജറോട് പറയാം".ഇത് കേട്ട അറ്റന്റർ പൈസ വാങ്ങിച്ച് തിരികെപോയി.



രാഹുലിന്റ മനസ്സിലൂടെ ഈ കാര്യങ്ങൾ കടന്നുപോയി.അന്ന് വെയ്റ്റർ പറഞ്ഞ വാക്കുകൾ അവൻ അറിയാതെ ഓർത്തുപോയി.വിശപ്പിന്റ വില അവൻ അറിഞ്ഞു.ഇന്ന് തന്റെ ഭാര്യയെയും മകളെയും വരെ അവന് നഷ്ടപ്പെട്ടിരിക്കുന്നു.അവർ വെള്ളത്തിൽ അകപ്പെട്ട് ജീവിച്ചോ,മരിച്ചോ എന്ന് പോലും അവനറിയില്ല.ഇങ്ങനെയെല്ലാം ആലോചിച്ച് കൊണ്ടിരിക്കുമ്പഴാണ് പെട്ടെന്ന് യാദൃശ്ചികമായി "സാർ" എന്ന വിളി രാഹുൽ കേട്ടത്.അവൻ ഇത് കേട്ട് തിരിഞ്ഞു

നോക്കി. അത് ആ വെയ്റ്റർ ആയിരുന്നു. ആ വെയ്റ്റർ അദ്ദേഹത്തിനെ കുറേ നേരമായി വീക്ഷിക്കുന്നുണ്ടായിരുന്നു. ഒന്നും മിണ്ടാതെ, എന്തു പറയണമെന്നറിയാതെ നിന്നിരുന്ന രാഹുലിനെ

കുറ്റപ്പെടുത്താതെയും, ഒന്നും ഓർമിപ്പിക്കാതെയും, അവൻ ആ ഭക്ഷണ പൊതി രാഹുലിന് നൽകി. പതിയെ ആ പൊതിയഴിച്ച് അവൻ ആ ഭക്ഷണം കഴിച്ചു തുടങ്ങി. കഴിക്കുന്നതിടയിൽ അവന്റെ കണ്ണിൽ നിന്നും ചുടുകണ്ണീർ വീഴുന്നുണ്ടായിരുന്നു. പശ്ചാത്താപത്തിന്റെ പ്രതീകങ്ങളായി അവ മാറി..........

- അഭയ് കൃഷ്ണ

# സ്നേഹം

കൂട്ടുകാരെ കൂട്ടിയിണക്കുന്നത് സ്നേഹം

കുടുംബത്തെ കൂട്ടിച്ചേർക്കുന്നത് സ്നേഹം

ബന്ധുക്കളെ ബന്ധിപ്പിക്കുന്നത് സ്നേഹം

ഈ പാരിൽ മാലോകരെ

ചേർത്തിണക്കുന്നത് സ്നേഹം



വാങ്ങിയാൽ കിട്ടാത്ത,വില്പനക്കില്ലാത്ത

ചോദിച്ചാൽ തരപ്പെടാത്ത

അമൃതമാണ് സ്നേഹം

ജാതിയില്ല മതമില്ല ഭാഷയില്ല

ഹൃദയത്തിൻ നൊമ്പരമാണ് സ്നേഹം



- ആദ്യ .കെ . ജെ

# ഫുൾ എ.പ്ലസ്

അന്നൊരു ബുധനാഴ്ചയായിരുന്നു ഞാൻ തൃശ്ശൂർ ടെക്നികൽ ഹൈ സ്കൂളിൽ ജോലിചെയ്തിരുന്ന കാലം. പതിവുപോലെ ക്ലാസ് കഴിഞ്ഞ് കുട്ടികളുടെ ഡ്രോയിംഗ് ഷീറ്റുകളെല്ലാം തിരിച്ചുവാങ്ങി, ഞങ്ങളുടെ സ്റ്റാഫ്റൂം അടക്കുമ്പോഴാണ് ഞാൻ ഓർമ്മിച്ചത്, ബാങ്കിലേക്ക് ഈ മാസത്തെ തവണ അടക്കേണ്ട അവസാന തീയ്യതി




ഇന്നാണ്. വാച്ചിലേക്ക് നോക്കി, സമയം 4:40. കൈയ്യിലെ ചോക്കു പൊടി കഴുകിക്കളഞ്ഞ് രജിസ്റ്ററിൽ ഒപ്പ് വച്ച് തിടുകത്തിൽ സ്കൂളിൽ നിന്നിറങ്ങി. ബാങ്കിന്റെ സായാഹ്ന ശാഖയിൽ രൂപ അടക്കുവാൻ സാധിക്കും. എനിക്ക് വീട്ടിലേക്ക് പോകേണ്ട ട്രെയിനിന്റെ സമയത്തിനു മുൻപ് തന്നെ ബാങ്കിൽ നിന്നും ഇറങ്ങണം. ഞാൻ നടത്തത്തിന്റെ വേഗത അൽപം വർദ്ധിപ്പിച്ചു. ബാങ്കിന്റെ സ്റ്റെപ്പ് കയറുമ്പോൾ ഞാൻ വല്ലാതെ വിയർക്കുന്നുണ്ടായിരുന്നു. ബാങ്കിലെ കൗണ്ടറിലേക്ക് നോക്കിയപ്പോൾ ഞാൻ അസ്വസ്ഥനായി. പത്തോ

പന്ത്രണ്ടോ പേരുള്ള നീണ്ട വരി. ചലാൻ പൂരിപ്പിച്ച് ഞാനും അക്ഷമനായി ക്യൂവിൽ കാത്തു നിന്നു.കൗണ്ടറിലെ ഉദ്യോഗസ്ഥൻ വളരെ വേഗത്തിൽ തന്നെ ഓരോരുത്തരുടേയും ഇടപാടുകൾ ചെയ്യുന്നുണ്ടായിരുന്നു. ക്യൂവിന്റെ നീളം സാവധാനത്തിൽ കുറഞ്ഞുവന്നു എന്റെ മുമ്പൽ മൂന്നുപേർ മാത്രം. സമയം നോക്കി,ആശ്വാസമായി എനിക്ക് ട്രെയിൻ ലഭിക്കും.

"ഈ അക്കൗണ്ട് നമ്പർ ശരിയല്ലല്ലോ" കൗണ്ടറിലെ ഉദ്യോഗസ്ഥൻ പറഞ്ഞു. ഞാൻ നോക്കിയപ്പോൾ പതിനഞ്ചോ പതിനാറോ വയസ്സ് പ്രായമുള്ള ഒരു ആൺകുട്ടി. അവർ തന്റെ കൈയ്യിലുള്ള പേപ്പർ എടുത്തു നോക്കി, അക്കൗണ്ട് നമ്പർ ശരിയാണെന്ന് പറഞ്ഞു. എനിക്ക് വല്ലാതെ ദേഷ്യം തോന്നി. അക്കൗണ്ട് നമ്പർ പോലും കൃത്യമായി എഴതാനറിയാതെയാണ് ബാങ്കിൽ രൂപ അടക്കുവാൻ വരുന്നത്. ഞാൻ ദേഷ്യം പുറത്തുകാണിക്കാതെ മിണ്ടാതെ കാത്തു നിന്നു.

ആ സമയത്താണ് ആ കുട്ടി തൊട്ടടുത്തു നിന്ന ഒരാളോട് ഒന്നു ഫോൺ ചെയ്യുവാൻ അനുവാദിക്കുമോ എന്നു

ചോദിക്കുന്നത്.മനസ്സില്ലാ മനസ്സോടെ അയ്യാൾ മൊബൈൽ എടുത്തു കൊടുത്തു അവന്റെ കയ്യിലെ ഒരു പത്രകടലാസ് നോക്കിയാണ് ഫോൺ ഡയൽ ചെയ്യുന്നത്.ഞാൻ ആകാംക്ഷയോടെ ആ പത്രത്തിലേക്ക് നോക്കി.

"രണ്ടു വൃക്കകളും തകരാറിലായ യുവാവ് സന്മനസ്സുള്ളവരുടെ സഹായം തേടുന്നു".അക്കൗണ്ട് നമ്പറും ഫോൺ നമ്പറും കൊടുത്തിരിക്കുന്നു.ആ യുവാവിനെ സഹിക്കാനാണ് കുട്ടി ബാങ്കിൽ രൂപയടക്കുന്നത്.




ദൈവമേ...ഇവനോടാണല്ലോ അല്പസമയം മുമ്പ് ഞാൻ മനസ്സാ ദേഷ്യം കാണിച്ചത്.വല്ലാതെ വിഷമം തോന്നി.അപ്പോഴേക്കും അവൻ നമ്പർ ശരിയാക്കി തിരിച്ചെത്തി.ഞാൻ വഴിമാറി കൊടുത്തു ,അവൻ രൂപയടച്ചു.അവന്റ മുഖത്ത് എന്തെന്നില്ലാത്ത സംതൃപ്തി.അവനെ ഒന്നു പരിചയപെടണമെന്നു തോന്നി.എസ്.എസ്.എൽ.സിക്കു മുഴുവൻ എ-പ്ലസ് വാങ്ങിയതിനു ലഭിച്ച ക്യാഷ് അവാർഡിൽ നിന്നുള്ള

രൂപയാണ് ബാങ്കിലടച്ചത്.വീട്ടിൽ അച്ഛൻ,അമ്മ,കുഞ്ഞനുജത്തി.അച്ഛൻ നഗരത്തിൽ ഓട്ടോഓടിക്കുന്നു.അവനെ അഭിനന്ദിക്കുവാൻ എന്റെ മനസ്സ് വെമ്പി.പക്ഷെ സന്തോഷം കൊണ്ടോ,സങ്കടം കൊണ്ടോ വാക്കുകളൊന്നും പുറത്തുവന്നില്ല.രണ്ടു കൈകളും ചേർത്തുപിടിച്ച ഒരു ഷെയക്ക്ഹാന്റ് നൽകി.അവൻ പോകുന്നതു നോക്കി നിന്നു.ഞാനറിയാതെ എന്റെ കണ്ണുകൾ നിറഞ്ഞു.

കൗണ്ടറിൽ രൂപയടച്ച കഴിഞ്ഞപ്പോൾ സമയം ആറു മണി. ബാങ്കിൽ നിന്നിറങ്ങി കൂട്ടുകാരൻ റിജീഷിനെ വിളിച്ചുതിരക്കി, ട്രെയിൻ പുതുക്കാട് കഴിഞ്ഞിരിക്കുന്നു. ഞാൻ സാവധാനം ബസ്സ് സ്റ്റോപ്പിലേക്ക് നടന്നു.... അവന്റെ സന്മനസ്സിനും ഫുൾ എ പ്ലസ്സ് തന്നെയാണല്ലോ എന്ന സന്തോഷത്തോടെ........

കദീഷ്.വി.ബി

അദ്ധ്യാപകൻ

# വക്കീൽകാക്ക

കറുത്തകോട്ടും കാലുറയും



കുറിക്കുകൊള്ളും കൗശലവും
കാക്കേനീയൊരു വക്കീലോ?
കേസിനു പോകാൻ നീ മുമ്പൻ
കേസ് തെളിയിക്കാൻ നീ വമ്പൻ
കാക്കേ നീയൊരു വക്കീലോ
പക്ഷിക്കോടതി വക്കീലോ

- സൽമാനുൽ ഫാരിസ് കെ. എം

# അറ്റ്ലാന്റാ

അത് മഞ്ഞ് മഴപോലെ പെയ്യുന്ന രാത്രിയായിരുന്നു.രുതിരം മണക്കുന്ന കാശ്മീരിന്റെ മണ്ണിലൂടെ ആ കൊച്ചുപെൺകുട്ടി അറ്റ്ലാന്റാ ഏകയായി നടന്നു. തണുപ്പ് അസഹ്യമായതിനാൽ കമ്പിളിപ്പുതപ്പിന്റെ സഹായത്താൽ ദേഹത്തിന്റെ വറയൽ മാറ്റാൻ അവൾ വൃഥാശ്രമം നടത്തി. നന്നേ ക്ഷീണിച്ച അറ്റ്ലാന്റ ഇലപോഴിഞ്ഞ ഒരു മരത്തിനു ചുവട്ടിലിരുന്നു നിദ്രപൂണ്ടു. ഉറക്കത്തിനിടയിൽ ഏതോ ശബ്ദം കേട്ട് ഞെട്ടിയുണർന്ന അവൾ, കാഴ്ചയിൽ പേടി തോന്നിക്കുന്ന ഒരാൾ രൂപം കണ്ട് അലറിക്കരഞ്ഞ് ദൂരേക്ക് ഓടി. ഹിന്ദിയിൽ അയാൾ ചോദിച്ചതൊന്നും അവൾക്ക് മനസ്സിലായില്ല.



കൺമുൻപിൽ ഒരു കാശ്മീരിഭവനം കണ്ടപ്പോൾ ഒരഭയസ്ഥാനം കണ്ടെത്തിയപ്പൊലെ ആ കുട്ടി അങ്ങോട്ടേക്കു

കയറിച്ചെന്നു . വയസേറെ ചെന്ന ഒരു സ്ത്രീ അവിടെ മുൻവശത്ത് ഇരിക്കുന്നുണ്ടായിരിന്നു.

അതിയായദാഹം അവളുടെ ക്ഷീണവും തളർച്ചയും വർദ്ധിപ്പിച്ചു. അറ്റ്ലാന്റയെ കണ്ടമാത്രയിൽ വൃദ്ധ വീടിനകത്തേക്കു നോക്കി 'ബെട്ടാ ,......ബെട്ടാ ,.....' എന്ന് വിളിച്ചു. വളരെ ദുർബലമായിരുന്നു അവരുടെ ശബ്ദം. മധ്യവയസ്കനായ ഒരാൾ ഇറങ്ങിവന്നു അവളോടുള്ള അയാളുടെ ഹിന്ദിയിലുള്ള ചോദ്യങ്ങൾക്ക് പ്രതകരണം ഇല്ലാതെ വന്നപ്പോൾ, "ഹു ആർ യൂ "? "വാട്ട് ഡു യു വാണ്ട്?" എന്നിങ്ങനെ ചോദിക്കേണ്ടി വന്നു. കുടിക്കാൻ കുറച്ച് വെള്ളം വേണമെന്ന് ദയനീയമായി അവൾ ചോദിച്ചു, അല്ല യാചിച്ചു.



വീടിനകത്തേക്ക് പ്രവേശനം സാധ്യമായതോടെ അറ്റ്ലാന്റാ സന്തോഷവതിയായി. ആ മനുഷ്യൻ മലയാളിയാണെന്ന് അറിഞ്ഞതത് അവൾക്ക് വലിയ ആശ്വാസം നൽകി. കേശവദാസും അറ്റ്ലാന്റയും തമ്മിൽ കൂടുതൽ പരിചയപ്പെട്ടു. ചിരിച്ചുക്കൊണ്ട് ഒരുപാട് വർത്തമാനം പറയുന്ന അവളെ

അയാൾ പിതൃവാൽസല്യപൂർവ്വം നോക്കിക്കണ്ടു. താനിവിടെ തൊഴിൽ അന്വേഷകൻ ആയി വളരെ വർഷങ്ങൾക്കു മുൻപ് വന്നതാണെന്നും തൻെ അവസ്ഥ മനസ്സിലാക്കിയ ഈ വൃദ്ധയാണ് ഭക്ഷണവും കിടക്കാനിടവും തന്ന് തന്നെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്നതെന്നും അയാൾ പറഞ്ഞു.മഞ്ഞുമൂടിയ പാതയിലൂടെ അവർ പലതും പറഞ്ഞു കൊണ്ടു നടക്കുകയാണ് സർവ്വം ഹിമം മലം മഞ്ഞ് അതിൻറെ   ക്രീനഡി ഏറ്റവും ശക്തിയായി പുറത്തെടുത്തു കഴിഞ്ഞു പെട്ടെന്ന് വലിയൊരു ശബ്ദം കേട്ടു അറ്റലാൻറെ ഭയചകിതയായി തുവെള്ള നിറത്തിൽ മഞ്ഞു പൊതിഞ്ഞ ഒരു പാറയുടെ താഴേക്ക് അവളെ അയാൾ വലുച്ചിരുത്തിയിട്ട് , " കാശ്മീർ യുദ്ധത്തിന് പല ഭൂമിയാണ് എപ്പോൾ വേണമെങ്കിലും "ഇവിടം തകർന്നു തരിപ്പണമാകാം ശബ്ദം കേട്ടത് അവസാനിച്ചപ്പോൾ അവർ അവിടെ നിന്നും എഴുന്നേറ്റു. അവൾ പറഞ്ഞറിയിക്കാൻ പറ്റാത്ത ഭയത്തിന് പിടിയിലമർന്നു. " നിന്നെപ്പോലൊരു കുബുദ്ധി കാരി മകൾ ഉണ്ടായിരുന്നു – യിററീഷ്യ ". അയാളുടെ വാക്കുകൾ സാവധാനം അവളുടെ ഭീതിയകറ്റി. " എന്നിട്ട് അവൾ എവിടെയാണ്?" അറ്റ്ലാൻറെ

നിഷ്കളങ്കമായി ചോദിച്ചു. " അവളുടെ സ്കൂളിലെ പ്രോഗ്രാമിന് ശേഷം വരികയായിരുന്ന ആൾക്കൂട്ടത്തിലേക്ക് ഭീകരർ ആക്രമണം നടത്തി, എൻറെ കയ്യിൽ ബലമായി പിടിച്ചിരുന്ന കുഞ്ഞിക്കൈകൾ പിടിവിട്ടു. ഓർമ്മ വന്നപ്പോൾ ഞാൻ ആശുപത്രിക്കിടക്കയിലായിരുന്നു എന്ന് മനസ്സിലായി. ചേതനയറ്റ എൻറെ കുഞ്ഞിനെ ശരീരം സ്ട്രെച്ചറിൽ കൊണ്ടുവന്ന് എന്നെ അവസാനമായി കാണിച്ചു" അയാൾ ദുഃഖാധിക്കത്താൽ പരവശനായി മകളുടെ ഓർമ്മകൾ അയാളെ അഗാധ വ്യാധിയിലാഴ്ത്തി . ഞങ്ങളുടെ സംസാരത്തിലെ മാനസിക സംഘർഷം ലഘൂകരിക്കാൻ അയാൾ അവളുടെ വിശേഷങ്ങൾ തിരക്കുവാൻ തുടങ്ങി. "ഇവിടെ എവിടെയാണ് നീ താമസിക്കുന്നത്? ആരാണ് നിൻറെ അച്ചൻ?" അയാളുടെ ചോദ്യങ്ങൾക്ക് പെട്ടെന്ന് ഉത്തരം പറയുവാൻ അവൾക്ക് സാധിച്ചില്ല. അൽപ്പം നിമിഷങ്ങൾക്ക് ശേഷം അറ്റ്ലാൻറെ പറഞ്ഞു. "അച്ഛനും അമ്മയും ഇല്ലാത്ത ഹതഭാഗ്യയാണ് ഞാൻ. രണ്ടാഴ്ച മുമ്പാണ് ഞങ്ങൾ ഈ മനോഹര ഭീകര ഭൂമിയിൽ എത്തിച്ചേർന്നത്. കഴിഞ്ഞദിവസം രാത്രി എന്നെ തനിച്ചാക്കി എൻറെ

അച്ഛനുമമ്മയും കസിനെ വീട്ടിൽ പോയി. മടങ്ങി വരും വഴി അവരെ ഭീകരർ ബന്ധികളാക്കി." കഴിഞ്ഞദിവസം ഭീകരർ ബന്ധികളാക്കി ക്രൂരമായി വധിച്ച മലയാളികളിൽ അറ്റ്ലാൻറെയുടെ അച്ഛനും അമ്മയും അയിരുന്നു എന്നറിഞ്ഞ കേശവദാസ് അനുകമ്പയോടെ അവളെ നോക്കി.

- അഞ്ജന മനോജ്

# അച്ഛൻ

ഓർമ്മയുറക്കാത്ത ശൈശവത്തിൽ
അച്ഛൻ പാടിയ താരാട്ടിനീണങ്ങൾ
ഒരു കുഞ്ഞു മനസ്സിലും മുദ്രിതാമാവുകയില്ല



ബലിഷ്ഠമാക്കയില്ലെ നിൻ വിരൽ തുമ്പേറി
മണ്ണിലാദ്യം ചവിട്ടിയ നാളുകൾ
ഒരു കുഞ്ഞുഹൃത്തിലും രേഖപ്പെടുത്തുകയില്ല
മടിയിലും തോളിലും ചാഞ്ഞുറങ്ങി
വാത്സല്യമുണ്ട ദിനങ്ങൾ
ഒരു കുഞ്ഞുമൊരുനാളുമൊർമ്മയില്ല
മറവിയിൽ എഴുതിയതീ ശൈശവജീവിതം .

തനയരെ വളർത്തുവാൻ അച്ഛൻ ത്യജിച്ച
ജീവിത സുഖങ്ങൾ
താണ്ടിയ ദുർഗമ്മ പാഥങ്ങളെ
ക്ലേശാഗ്നി നാളങ്ങളെ
ഒരു കുഞ്ഞുമൊരുനാളുമൊർമ്മയില്ല.

അച്ഛനൊരുക്കിയ സ്നേഹത്തണലിൽ

ശിക്ഷണ വഴിയിൽ വളർന്നൊരു കുഞ്ഞ്

വിദ്യകളെ ത്രയാർജിച്ചാലും

പിതാവായ് തീരും വരെ അറിയുകയില്ല

അച്ഛൻറെ വ്രതപുണ്യജീവിതം മഹത്വം.



അച്ഛനാവും വരെ അച്ഛനെയറിയാത്ത നമ്മൾ

കണ്ണുനീരോടെ തിരിഞ്ഞുനോക്കുമ്പോൾ

ഒരു പക്ഷേ കാലം തിരിച്ചെടുത്തേക്കാം

നമ്മെ നാമാക്കിയ അഭയവൃക്ഷത്തിൻറെ .

- ദിലീപൻ

# നൈപുണ്യവികസനം............പഠനത്തോടൊപ്പം



AGRICULTURE



ELECTRICAL

# TURNING







AUTO MOBILE



WELDING

# പ്രളയം വരകളിലൂടെ



ABIJITH RAJ-10 B



ROCKIN JOY-10 B

# കിണറ്റിൻകരയിലെ സല്ലാപം.....



NAVANEETH K .M - 9A



ABIJITH RAJ – 10 B

# നന്ദി

"ഈ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ സഹായ സഹകരണങ്ങൾ നൽകിയ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അധ്യാപകർക്കും നന്ദി.....ഒരായിരം നന്ദി.........................."

– editor